പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 304

# 2014-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2014

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 304

# 2014-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ

1179/2014.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 304

# 2014-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ

1969-ലെ കേരള സഹകരണ സംഘ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1969-ലെ കേരള സഹകരണ സംഘ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യത്തിനായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2014-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 68എ വകുപ്പിന്റെ ഭേദഗതി.—1969-ലെ കേരള സഹകരണ സംഘ ആക്റ്റിലെ (1969-ലെ 21), 68എ വകുപ്പിൽ, (1)-ാം ഉപവകുപ്പിനുപകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) രജിസ്ട്രാർ റഫർ ചെയ്യുന്നതായ ദുർവിനിയോഗം, അഴിമതി, സംഘങ്ങളിലെ മറ്റേതെങ്കിലും മുഖ്യമായ ക്രമക്കേടുകൾ എന്നീ സംഗതികളിന്മേലുള്ള അന്വേഷണ വിചാരണയും അന്വേഷണവും നടത്തുന്നതിന് സഹകരണ വകുപ്പിലെ സഹകരണ സംഘ അഡീഷണൽ രജിസ്ട്രാറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ആഫീസറെ, വിജിലൻസ് ആഫീസറായി സർക്കാർ നിയമിക്കേണ്ടതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1969-ലെ കേരള സഹകരണ സംഘ ആക്റ്റിലെ (1969-ലെ 21) 68എ വകുപ്പ്, രജിസ്ട്രാർ റഫർ ചെയ്യുമ്പോഴെല്ലാം ദുർവിനിയോഗം, അഴിമതി, സംഘങ്ങളിലെ മറ്റേതെങ്കിലും മുഖ്യമായ ക്രമക്കേടുകൾ എന്നീ സംഗതികളിന്മേലുള്ള അന്വേഷണവിചാരണയും അന്വേഷണവും നടത്തുന്നതിനുള്ള അധികാരത്തോടുകൂടി ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിന്റെ പദവിയിൽ താഴെയല്ലാത്ത ഒരു ആഫീസറെ വിജിലൻസ് ആഫീസറായി നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു.

1179/2014.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിനായി, സംസ്ഥാനം മുഴുവൻ അധികാരിതയുള്ള ഒരു വിജിലൻസ് ആഫീസറോടുകൂടിയ ഒരു വിജിലൻസ് വിഭാഗം, സർക്കാർ രൂപീകരിച്ചിരുന്നു. സംഘങ്ങളിലെ അഴിമതിയും ക്രമക്കേടുകളും തടയുന്നതിൽ നിലവിലുള്ള വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം പ്രതീക്ഷിച്ചത്ര ഫലപ്രദമല്ലെന്ന് സഹകരണ സംഘ രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. സഹകരണ സംഘ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയും ഉത്തരവുകളിലേയും വ്യവസ്ഥകളിൽ നല്ല പരിജ്ഞാനമുള്ള സഹകരണ വകുപ്പിലെ പരിചയസമ്പന്നരായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി, നിലവിലുള്ള വിജിലൻസ് വിഭാഗത്തിനെ ശക്തിപ്പെടുത്തുകയും പുനഃസംഘടിപ്പിക്കുകയും ചെയ്യേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നു. ദുർവിനിയോഗം, അഴിമതി അല്ലെങ്കിൽ സംഘങ്ങളിലെ മറ്റ് ഏതെങ്കിലും മുഖ്യമായ ക്രമക്കേടുകൾ എന്നീ സംഗതികളിന്മേലുള്ള അന്വേഷണം നടത്തുന്നതിന് സഹകരണ സംഘ അഡീഷണൽ രജിസ്ട്രാറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ആഫീസറെ വിജിലൻസ് ആഫീസറായി വിജിലൻസ് വിഭാഗത്തിൽ നിയമിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. ആയതിനാൽ, മേൽപ്പറഞ്ഞ ആവശ്യത്തിലേക്കായി, 1969-ലെ കേരള സഹകരണ സംഘ ആക്റ്റിലെ (1969-ലെ 21) 68എ വകുപ്പിൽ അനുയോജ്യമായ ഭേദഗതികൾ വരുത്തുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി.

മേല്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

സി. എൻ. ബാലകൃഷ്ണൻ

(ശരിത്തർജ്ജമ)

## 1969-ലെ കേരള സഹകരണ സംഘ ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ
## (1969-ലെ 21)

** ** ** **

68എ. വിജിലൻസ് ആഫീസർ.—(1) രജിസ്ട്രാർ റഫർ ചെയ്തേക്കാവുന്ന ദുർവിനിയോഗം, അഴിമതി, സംഘങ്ങളിലെ മറ്റേതെങ്കിലും മുഖ്യമായ ക്രമക്കേടുകൾ എന്നീ സംഗതികളിൻമേലുള്ള അന്വേഷണ വിചാരണയും അന്വേഷണവും നടത്തുന്നതിനുള്ള അധികാരത്തോടുകൂടി ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിന്റെ പദവിയിൽ താഴെയല്ലാത്ത ഒരു ആഫീസറെ വിജിലൻസ് ആഫീസറായി സർക്കാർ നിയമിക്കേണ്ടതാണ്.

(2) നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ വിജിലൻസ് ആഫീസർ, അന്വേഷണ വിചാരണയും അന്വേഷണവും നടത്തേണ്ടതാണ്.

(3) വിജിലൻസ് ആഫീസർ, സഹകരണ സംഘ രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൻകീഴിൽ ആയിരിക്കേണ്ടതാണ്:

എന്നാൽ, ഈ വകുപ്പുപ്രകാരമുള്ള സഹകരണ സംഘ രജിസ്ട്രാറുടെ അധികാരങ്ങൾ മറ്റൊരാൾക്ക് നൽകാൻ പാടില്ലാത്തതാണ്.”.

** ** ** **